8984
13/7/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷൻ-ആശ്വാസ കിരണം പദ്ധതിയുടെ തുടർ നടത്തിപ്പിന് തുക അനുവദിച്ച് ഉത്തരവാകുന്നു.

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.388/2015/സാനീവ. തീയതി, തിരുവനന്തപുരം, 19.06.2015

=====================================================================

പരാമർശം : കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 7.04.2015 ലെ 976/പി4/2011/കെ.എസ്. എസ്.എം നമ്പർ കത്ത്.

**ഉത്തരവ്**

തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നതിനാൽ ശയ്യാവലംബരായി വീടിനുള്ളിൽ തന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്കുള്ള ധനസഹായ പദ്ധതിയായ ആശ്വാസ കിരണം കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കി വരുന്നു. ടി പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 30/- കോടി രൂപ 2235-60-200-72(02)(പി) ശീർഷകത്തിൽ നിന്നും പിൻവലിച്ച് കേരള സാമൂഹ്യ സുരക്ഷ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 15146 ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആശ്വാസകിരണം പദ്ധതിയുടെ തുടർ നടത്തിപ്പിലേയ്ക്ക് ഭരണാനുമതിയും 2015-16 സാമ്പത്തിക വർഷ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 30/- കോടി രൂപ (മുപ്പത് കോടി രൂപ മാത്രം) 2235-60-200-72(02)(പി) ശീർഷകത്തിൽ നിന്നും പിൻവലിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 15146 ൽ നിക്ഷേപിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**കെ.എം.ലീലാമണി**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്.
✓വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ